**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 112** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ കുട്ടികളുടെ ആരോഗ്യം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. സേനാപതി വേണു | ശ്രീ. എൻ. ഷംസുദ്ദീൻ |
| ശ്രീമതി ഉമ തോമസ് | (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി) |
| ശ്രീ. വി. ടി. സൂരജ് | |
| ശ്രീ. എം. എം. നസീർ | |

**(എ)** സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ അമിതവണ്ണം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കുറയ്ക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ജീവിത ശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് 15 ഹയർസെക്കൻഡറി സ്കൂളുകളിൽ ഒരു പ്രാഥമിക പഠനം നടത്തുകയും, അതിൽ 8.6 ശതമാനം വിദ്യാർത്ഥികളിൽ ഹൈപ്പർ ടെൻഷനും, 30 ശതമാനം വിദ്യാർത്ഥികളിൽ എലവേറ്റഡ് ബി.പി യും ഉള്ളതായി കണ്ടെത്തുകയും ചെയ്തു. ഇതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളുകളിലും തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ Life Style Disease Intervention എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. വിദ്യാർത്ഥികൾക്കിടയിലുള്ള ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനും, ഇത്തരം രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും CDC (Centres for Disease Control and prevention) യും ആരോഗ്യ വകുപ്പും തൊട്ടടുത്ത PHC (Primary Health Centre) പോലെയുള്ള ഏജൻസികളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

അമിതമായ പഞ്ചസാര ഉപഭോഗത്തിന്റെ അപകട സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നതിനാണ് ഷുഗർ ബോർഡുകൾ സ്ഥാപിക്കുന്നതിനും മാസത്തിലൊരിക്കൽ അസംബ്ലിയിൽ ആരോഗ്യ വിദഗ്ധരുടെ നേതൃത്വത്തിൽ സമീകൃത ആഹാരത്തെപ്പറ്റിയും, നാരുകളുടെ പ്രാധാന്യത്തെപ്പറ്റിയും, പഞ്ചസാരയുടെ അമിത ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളാൽ ഉണ്ടാകാവുന്ന ജീവിതശൈലി രോഗങ്ങളെപ്പറ്റിയും കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസുകൾ സ്കൂൾ അധികൃതർ സംഘടിപ്പിക്കുന്നതിനുമായി 18.06.2025 തീയതിയിൽ എൻ.എം.ബി.(1)/5485/2025 നമ്പർ കത്ത് മുഖേനയും, ദൈനംദിന ഭക്ഷണത്തിൽ പാചക എണ്ണയുടെ ഉപയോഗം 10% കുറയ്ക്കുന്നതിന്റെ പ്രാധാന്യം ഉൾപ്പെടെയുള്ള പ്രായോഗിക ഉപദേശങ്ങൾ/ശിപാർശകൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനും എണ്ണ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഗുണങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനുമായി 21.05.2025 തീയതിയിൽ എൻ.എം.ബി.(1)/10049/2025 നമ്പർ കത്ത് മുഖേനയും പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (അനുബന്ധം 1 ആയി ചേർക്കുന്നു)

**(ബി)** വിദ്യാർത്ഥികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനും ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനുമായി എല്ലാ സർക്കാർ സ്കൂളുകളിലും ആവശ്യമായ കളിസ്ഥലവും കായിക ഉപകരണങ്ങളും ഉറപ്പാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** എല്ലാ സർക്കാർ സ്കൂളുകളിലും കളിസ്ഥലം ലഭ്യമല്ല. എന്നാൽ ലഭ്യമായ സ്ഥലത്ത് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ 100 ദിനകർമ്മ പരിപാടിയിലുൾപ്പെടുത്തി സ്കൂൾ കായികമിത്രം പദ്ധതിയിലൂടെ കായിക ഉപകരണങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അക്വാഫിറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത സ്കൂളുകളിലെ 14,000 കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ലഭ്യമായ കളിസ്ഥലത്തിനുതകുന്ന രീതിയിലുള്ള കായിക പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ബഹു. കേരള ഹൈക്കോടതിയുടെ വിധികൾക്കും അനുസൃതമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലെയും കളിസ്ഥലങ്ങളുടെ സംരക്ഷണം, പരിപാലനം, മതിയായ കായിക സൗകര്യങ്ങളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 13.10.2026 ലെ GEDN-M1/116/2024-G.EDN നമ്പർ സർക്കുലർ (അനുബന്ധം 2 ആയി ചേർക്കുന്നു) പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിശ്ചിത മാനദണ്ഡപ്രകാരമുള്ള കളിസ്ഥലങ്ങൾ ഉറപ്പാക്കുക, നിലവിലുള്ള കളിസ്ഥലങ്ങൾ തിരിച്ചറിഞ്ഞ് സംരക്ഷിക്കുക, കളിസ്ഥലങ്ങൾ പാർക്കിംഗ് ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കായി സ്ഥിരമായി ഉപയോഗിക്കുന്നത് തടയുക, കളിസ്ഥലങ്ങളുടെ ലഭ്യതയും ഉപയോഗവും സംബന്ധിച്ച് സംസ്ഥാനതലത്തിൽ ഓഡിറ്റ് നടത്തുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ. മതിയായ ഭൂമി ലഭ്യമല്ലാത്ത സ്കൂളുകളിൽ ഘട്ടംഘട്ടമായി ഫിസിക്കൽ ഫിറ്റ്നസ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മാർഗനിർദേശങ്ങളുടെ ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിനും വീഴ്ചകൾ പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് മേൽനോട്ട ചുമതലയും ടി സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്.

**(സി)** കൃത്യമായ ഇടവേളകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ആരോഗ്യ പരിശോധനകൾ നടത്താറുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** നടത്താറുണ്ട്. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്കൂൾ ഹെൽത്ത് & വെൽനെസ്സ് പ്രോഗ്രാമിന്റെ ഭാഗമായി സ്കൂൾ ആരോഗ്യ പ്രോത്സാഹന പരിപാടി, രോഗങ്ങളുടെ സ്ക്രീനിംഗ്, വിവിധ സേവനങ്ങൾ, ഇലക്ട്രോണിക് ആരോഗ്യ വിവരശേഖരണം, മെഡിക്കൽ എമർജൻസികൾ നേരിടുന്നതിനുള്ള പരിശീലനം എന്നീ അഞ്ച് ഘടകങ്ങളാണ് സ്കൂൾ ഹെൽത്ത് & വെൽനെസ്സ് പ്രോഗ്രാമിനുള്ളത്. കേരളത്തിൽ ഈ പദ്ധതി "അക്ഷരം ആരോഗ്യം" എന്ന പേരിൽ അറിയപ്പെടുന്നു. കുട്ടികളിൽ ശാസ്ത്രീയമായ ആരോഗ്യബോധം വളർത്തുക, ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക, ലഹരിവസ്തുക്കളുടെ ഉപയോഗം പ്രതിരോധിക്കുക, വാർഷിക ആരോഗ്യ പരിശോധനയിലൂടെ കുട്ടികളിലെ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സയും തുടർപരിചരണവും ഉറപ്പാക്കുക എന്നിവയാണ് 'അക്ഷരം ആരോഗ്യം' പദ്ധതിയുടെ സുപ്രധാന ലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതി സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പുമായി ചേർന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതി സംബന്ധിച്ച് നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 10.11.2025 തീയതിയിലെ സർക്കാർ ഉത്തരവ് നം. 109/2025/H&FWD പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. (അനുബന്ധം 3 ആയി ചേർക്കുന്നു)

സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാഭ്യാസത്തിനോടൊപ്പം കുട്ടികളിൽ ആരോഗ്യ അവബോധം വളർത്തിയെടുക്കുന്നതിന് കേരള സംസ്ഥാന ആരോഗ്യ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ സ്കൂൾ ആരോഗ്യ പദ്ധതി 2026 ഫെബ്രുവരി ആറാം തീയതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയും അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും തുടർ മാസങ്ങളിൽ കുട്ടികൾക്ക് ആരോഗ്യ പരിശോധനയും അവബോധവും നൽകി വരികയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും 1 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായും ഗുണഫലങ്ങൾ താഴെ തട്ടിൽ എത്തുന്നതിലേയ്ക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആയതിലേയ്ക്ക് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പായും (State Resource Group) ഡിസ്ട്രിക്ട് റിസോഴ്സസ് ഗ്രൂപ്പായും (District Resource Group) തിരിച്ച് ആരോഗ്യ വകുപ്പ് പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ സ്റ്റേറ്റ് ന്യൂട്രീഷൻ ആഫീസ്, DHS- ന്റെ ആഭിമുഖ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ തീരപ്രദേശത്തേയും ട്രൈബൽ മേഖലകളിലേയും കുട്ടികൾക്ക് ആരോഗ്യ വിലയിരുത്തലും പോഷകാഹാര ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിരനിവാരണ ഗുളികകളും, അയൺ ഫോളിക് ആസിഡ് ഗുളികകളും വിതരണം ചെയ്യുകയും ഹെൽത്ത് ചെക്കപ്പ് നടത്തി വരികയും ചെയ്യുന്നു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ആദ്യഘട്ട സ്ക്രീനിംഗ് എൽ.പി. സ്കൂളുകളിൽ കഴിഞ്ഞ അധ്യയന വർഷാവസാനത്തിൽ നടത്തിയിട്ടുള്ളതാണ്.

ഈ പദ്ധതിയുടെ ഭാഗമായി, മാതാപിതാക്കളുടെ രേഖാമൂലമുള്ള അനുവാദത്തോടെ ഓരോ കുട്ടിക്കും ഒരു ഹെൽത്ത് ഐഡി കാർഡ് അനുവദിക്കുന്നതാണ്. ഇതിൽ കുട്ടിയുടെ പ്രതിരോധ കുത്തിവയ്പ്പ് വിവരങ്ങളും ആരോഗ്യ പരിശോധനാ റിപ്പോർട്ടുകളും ഇലക്ട്രോണിക് രൂപത്തിൽ രേഖപ്പെടുത്തുകയും അവ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യും. കുട്ടികളിൽ ആരോഗ്യപരമായ ശീലങ്ങൾ, ജീവിതശൈലി, രോഗപ്രതിരോധം, മാനസികാരോഗ്യം എന്നിവ വളർത്തുന്നതിനായി ആവിഷ്കരിച്ച 'അക്ഷരം ആരോഗ്യം" പദ്ധതിയിൽ ഓരോ സ്കൂളിലും ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഹെൽത്ത് മെന്റർ അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നു. എൽ.പി, യു.പി സ്കൂളുകളിൽ 500 ൽ താഴെ കുട്ടികളുള്ള സ്കൂളുകളിൽ ഒരാളെയും അതിൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ രണ്ട് അദ്ധ്യാപകരെയുമാണ് ഇത്തരത്തിൽ തിരഞ്ഞെടുക്കുന്നത്. പോഷകാഹാരം, മാനസികാരോഗ്യം, പ്രജനന ആരോഗ്യം, ലഹരി വിരുദ്ധ ബോധവൽക്കരണം, ഇന്റർനെറ്റ് സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്കായി മാസത്തിലൊരിക്കൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഹെൽത്ത് മെന്റർമാരുടെ പ്രധാന ചുമതലകൾ. കൂടാതെ, വാർഷിക ആരോഗ്യ പരിശോധനയ്ക്കായി എത്തുന്ന മെഡിക്കൽ ടീമിന് സ്കൂളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും, അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളുടെയും (PTA) ഹെൽത്ത് അംബാസഡർമാരായ കുട്ടികളുടെയും സഹകരണത്തോടെ സ്കൂൾ ക്യാമ്പസിലെ ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇവർ നേതൃത്വം നൽകുന്നു. അതോടൊപ്പം കുട്ടികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ CPR ഉൾപ്പെടെയുള്ള പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം നേടുകയും അത് പ്രായോഗികമായി നടപ്പിലാക്കുകയും ചെയ്യേണ്ടത് ഹെൽത്ത് മെന്റർമാരുടെ ഉത്തരവാദിത്തമാണ്.

അക്ഷരം ആരോഗ്യം പദ്ധതിയുടെ ഭാഗമായി വാർഷിക ആരോഗ്യ പരിശോധന സർക്കാർ എയ്ഡഡ് മേഖലകളിലെ LP, UP സ്കൂളുകളിൽ, കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം)-ലെ ആർ.ബി.എസ്.കെ. നഴ്സുമാർ മുതലായവർ അടങ്ങുന്ന ആരോഗ്യ ടീം വിദ്യാലയങ്ങളിൽ എത്തി കുട്ടികളെ ആരോഗ്യ രേഖ

പ്രകാരമുള്ള പരിശോധന നടത്തി ആരോഗ്യ ഇടപെടൽ ആവശ്യമായവരെ കണ്ടെത്തുന്നു. ഈ കുട്ടികൾക്ക് വിവിധ തലങ്ങളിൽ ഉള്ള ആരോഗ്യ കേന്ദ്രങ്ങൾ വഴി തുടർ പരിചരണം ആരോഗ്യ വകുപ്പ് ഉറപ്പാക്കുന്നു.

**സെക്ഷൻ ഓഫീസർ**

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:എൻ.എം.ബി(1)/5485/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 18-06-2025
ഇ-മെയില് : secret.dge@kerala.gov.in

പ്രേഷകന്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർമാർ,

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി – കുട്ടികളിൽ പഞ്ചസാരയുടെ ഉപയോഗം നിരീക്ഷിക്കുന്നതിനും കുറയ്ക്കുന്നതിനുമായി സ്കൂളുകളിൽ **'ഷുഗർ ബോർഡുകൾ'** സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 06.03.2025 തീയതിയിലെ നാഷണൽ കമ്മീഷൻ ഫോർ പ്രോട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ് കമ്മീഷന്റെ കത്ത് നം.227850/NCPCR-CH(1)/2022-23/PART-2

******************

സംസ്ഥാനത്തെ കുട്ടികളിൽ ടൈപ്പ് 2 പ്രമേഹത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടാകുന്നത്. ഈ അവസ്ഥയ്ക്ക് പ്രധാന കാരണം ഉയർന്ന പഞ്ചസാരയുടെ ഉപഭോഗമാണ്. സ്കൂൾ പരിസരങ്ങളിൽ സുലഭമായി ലഭിക്കുന്ന മധുരമുള്ള ലഘുഭക്ഷണങ്ങൾ, ശീതള പാനീയങ്ങൾ, സംസ്കരിച്ച ഭക്ഷണങ്ങൾ, ജങ്ക് ഫുഡ് എന്നിവ കഴിക്കുന്നതു കാരണം കുട്ടികളുടെ ശരീരത്തിൽ പഞ്ചസാരയുടെ അളവ് അമിതമായി വർദ്ധിക്കുന്നു. ഇതു കാരണം കുട്ടികളിൽ അമിതവണ്ണം , ദന്ത രോഗങ്ങൾ, മറ്റ് ഉപാപചയ വൈകല്യങ്ങൾ (metabolic disorder) എന്നിവയ്ക്ക് കാരണമാവുന്നു. ഈ പ്രശ്നങ്ങള് പരിഹരിക്കുന്നതിനായി സ്കൂളുകളില് ഷുഗർ ബോർഡുകൾ താഴെ പറയുന്ന നിർദ്ദേശങ്ങളോടെ സ്ഥാപിക്കാന് കമ്മീഷൻ സൂചന കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

- അമിതമായ പഞ്ചസാര ഉപഭോഗത്തിന്റെ അപകട സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം നൽകുന്നതിനാണ് ഷുഗർ ബോർഡുകൾ സ്ഥാപിക്കേണ്ടത്.
- സ്കൂൾ ക്യാന്റീൻ, കഫറ്റീരിയ, ഡൈനിംഗ് ഹാൾ, സ്കൂൾ കിച്ചൺ, ക്ലാസ് റൂം, ഓഡിറ്റോറിയം, പൊതു ഇടങ്ങൾ എന്നിവിടങ്ങളിലാണ് ഷുഗർ ബോർഡുകൾ സ്ഥാപിക്കേണ്ടത്.
- ഇത് സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസുകളും സെമിനാറുകളും ശില്പശാലകളും സ്കൂളുകൾ സംഘടിപ്പിക്കേണ്ടതാണ്.
- മാസത്തിലൊരിക്കൽ അസംബ്ലിയിൽ ആരോഗ്യ വിദഗ്ധരുടെ നേതൃത്വത്തിൽ സമീകൃത

ആഹാരത്തെപ്പറ്റിയും, നാരുകളുടെ പ്രാധാന്യത്തെപ്പറ്റിയും, പഞ്ചസാരയുടെ അമിത ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളാൽ ഉണ്ടാകാവുന്ന ജീവിതശൈലി രോഗങ്ങളെപ്പറ്റിയും കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസുകൾ സ്കൂൾ അധികൃതർ സംഘടിപ്പിക്കേണ്ടതാണ്.

ഉദാഹരണം:-









സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും **2025 ജൂൺ 30- ന്** മുമ്പായി **'ഷുഗർ ബോർഡുകൾ'** സ്ഥാപിക്കേണ്ടതാണ്. കൂടാതെ നാഷണൽ കമ്മീഷൻ ഫോർ പ്രോട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ് നെയും കേന്ദ്ര സർ ക്കാരിനെയും **'ഷുഗർ ബോർഡുകൾ'** സ്ഥാപിച്ചതിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെയും സുതാര്യതയും പുരോഗതിയും അറിയിക്കുന്നതിലേയ്ക്കായി ക്യാമറ ഉപയോഗിച്ച് HD മികവിൽ ലിറ്റിൽ കൈറ്റ്സിന്റെ സഹായത്തോടെ വ്യക്തതയുള്ള ചിത്രങ്ങളും, വിഡിയോകളും സ്കൂളുകൾ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ആർ.എസ്. ഷിബു
പെൻ 450889
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Signed by
R S Shibu
Date: 18-06-2025 15:13:21

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: എൻ.എം.ബി(1)/10049/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 21-05-2025
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർമാർ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി – ദൈനംദിന ഭക്ഷണത്തിൽ പാചക എണ്ണയുടെ ഉപയോഗം 10% കുറയ്ക്കുന്നതിന്റെ പ്രാധാന്യം ഉൾപ്പെടെയുള്ള പ്രായോഗിക ഉപദേശങ്ങൾ/ശുപാർ ശകൾ - സ്കൂളുകളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :- 15.03.2025 തീയതിയിലെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ സ്കൂൾ വിദ്യാഭ്യാസ സാക്ഷരതാ വകുപ്പ് സെക്രട്ടറിയുടെ കത്ത് നം.

**D.O.No. 1-14/2024-PMP (Health)**

******************

ഇന്ത്യയിലെ കുട്ടികൾക്കിടയിലെ അമിതവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, ഇത് നമുക്കെല്ലാവർക്കും ഒരു നയപരമായ ആശങ്കയായി മാറിയിരിക്കുന്നു. 5-19 വയസ്സിനിടയിലുള്ളവരിൽ അമിതഭാരം 1990-ൽ 0.4 ദശലക്ഷമായിരുന്നുവെങ്കിൽ, 2022-ൽ 12.5 ദശലക്ഷമായി ഉയർന്നതാണെന്ന് ലാൻസെറ്റ് ജേണൽ റിപ്പോർട്ട് ചെയ്യു. കാലം കടന്നുപോകുമ്പോൾ കൂടുതൽ ഉദാസീനമായ ജീവിതശൈലികൾ പിന്തുടരാനും പരമ്പരാഗത ഭക്ഷണക്രമങ്ങളിൽ നിന്ന് പഞ്ചസാര അടങ്ങിയ പാനീയങ്ങളിലേക്കും സംസ്കരിച്ച ഭക്ഷണങ്ങളിലേക്കും വേഗത്തിൽ മാറാനും തുടങ്ങിയിരിക്കുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി "Pariksha Pe Charcha 2025" -ൽ ഈ പ്രവണത ഉയർത്തിക്കാട്ടുകയും ദൈനംദിന ഭക്ഷണത്തിൽ പാചക എണ്ണയുടെ ഉപയോഗം 10% കുറയ്ക്കുന്നതിന്റെ പ്രാധാന്യം ഉൾപ്പെടെയുള്ള പ്രായോഗിക ഉപദേശങ്ങൾ നിർദ്ദേശിക്കുകയും ചെയ്യു. എണ്ണ ഉപഭോഗം കുറയ്ക്കുന്നതിന്റെ

ഗുണങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിന്, താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ശുപാർശ ചെയ്യുന്നു.

1. ഭക്ഷണത്തിൽ എണ്ണ ഉപയോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രത്യേക ക്ലാസ് (special class) സംഘടിപ്പിക്കുക

2. ഹോം സയൻസ് കോളേജുകളിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള പോഷകാഹാര വിദഗ്ധരെ ക്ഷണിച്ച് എണ്ണ കുറഞ്ഞ ഭക്ഷണക്രമത്തെക്കുറിച്ച് വിജ്ഞാനപ്രദമായ ക്ലാസുകൾ നടത്തുകയും ഇവ സംബന്ധിച്ച ആരോഗ്യകരമായ പാചകക്കുറിപ്പുകൾ പങ്കിടുകയും ചെയ്യുക. കൂടാതെ രുചികരമായതും കുറഞ്ഞ എണ്ണയുള്ളതുമായ ഭക്ഷണം എങ്ങനെ തയ്യാറാക്കാമെന്ന് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് പ്രായോഗിക പ്രദർശനങ്ങളിലൂടെ പാചക ക്ലാസുകൾ നടത്തുക. ഇതര പാചക രീതികൾ ഉപയോഗിക്കുക.

3. ആരോഗ്യകരമായ ഭക്ഷണശീലങ്ങളെക്കുറിച്ചുള്ള സ്കൂൾ തല ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക, വിജയികൾക്ക് ഉചിതമായ സമ്മാനങ്ങൾ നൽകുക.

4. പോഷകാഹാരത്തെ കുറിച്ചും, ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തുന്നതിന് പതിവ് വ്യായാമത്തിന്റെയും യോഗയുടെയും പ്രാധാന്യത്തെപ്പറ്റിയും പ്രഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, ഉപന്യാസ രചന എന്നിവ ഇക്കോ-ക്ലബ് പ്രവർത്തനങ്ങളിൽ (Eco club activities) ഉൾപ്പെടുത്തുക.

5. രക്ഷിതാക്കൾക്ക് വ്യായാമത്തിന്റെ ആവശ്യകതയെപ്പറ്റിയും, ആഹാരത്തിന്റെ ഭാഗ നിയന്ത്രണത്തെപ്പറ്റിയും ( Portion control) ബോധവൽക്കരണം നൽകേണ്ടതാണ്.

6. രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികളെ കൊണ്ട് എണ്ണ നിയന്ത്രിച്ചു കൊണ്ടുള്ള ഭക്ഷണങ്ങളുടെ പാചകങ്ങൾ വീട്ടിൽ തയ്യാറാക്കുന്നതിന് പ്രോത്സാഹിപ്പിച്ച് അവയുടെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവച്ച് സമൂഹത്തിന് ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളെപ്പറ്റിയുള്ള അറിവ് ലഭ്യമാകാൻ സഹായിക്കുക

7. ഡോക്ടർമാർ, ആരോഗ്യ വിദഗ്ധർ, പോഷകാഹാര വിദഗ്ധർ എന്നിവരുടെ മേൽനോട്ടത്തിൽ അമിതമായ എണ്ണ ഉപഭോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി ജില്ലാ, ബ്ലോക്ക്, സ്കൂൾ തലങ്ങളിൽ, സെമിനാറുകൾ,

വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

8. ബഹുജന മാധ്യമങ്ങളുടെയും സോഷ്യൽ മീഡിയയുടേയും പങ്കാളിത്തത്തോടു കൂടി സ്റ്റേക്ക് ഹോൾഡർമാർക്ക് ബോധവൽക്കരണം നൽകുക. (Jingles, Video Pomos, e-Contents including PM eVIDHYA, DIKSHA)

9. എണ്ണ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഗുണങ്ങൾ എടുത്തു കാണിക്കുന്നതിനായി സ്കൂളുകളിലെ കാന്റീനുകളിൽ ആകർഷകമായ പോസ്റ്ററുകൾ, ബാനറുകൾ, ഇൻഫോഗ്രാഫിക്സ് എന്നിവ പ്രദർശിപ്പിക്കാവുന്നതാണ്.

10. സഹപാഠികളെ ബോധവൽക്കരിക്കുന്നതിനും മികച്ച ഭക്ഷണം തിരഞ്ഞെടുക്കുന്നതിനും ആരോഗ്യ അംബാസഡർമാരെ നിയമിക്കുന്നത് ഉചിതമായിരിക്കും.

11. വിദ്യാർത്ഥികൾക്കിടയിലെ എണ്ണ ഉപഭോഗം ട്രാക്ക് ചെയ്യാനും അത് വഴി അവരുടെ ആരോഗ്യത്തിലും ഊർജ്ജ നിലയിലും വരുന്ന മാറ്റങ്ങൾ നിരീക്ഷിക്കുവാനും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. (Project to track oil consumption among students)

12. സ്കൂളുകളിലും, വീടുകളിലും എണ്ണയിൽ വറുത്തെടുക്കുന്ന പാചക രീതിയെക്കാൾ **ആവിയിൽ വേവിക്കുക, ഗ്രിൽ ചെയ്യുക, തിളപ്പിക്കുക, ബേക്കിംഗ്** തുടങ്ങിയ ആരോഗ്യകരമായ പാചക രീതികൾ പ്രോത്സാഹിപ്പിക്കുക.

13. ഭക്ഷണം പാചകം ചെയ്യുമ്പോൾ അവയിൽ ഉപയോഗിക്കുന്ന എണ്ണയുടെ അളവ് നിയന്ത്രിച്ചു ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക. (measured pouring of oil to control portion sizes)

14. സംസ്കരിച്ച ഭക്ഷണങ്ങളുടെയും ലഘുഭക്ഷണങ്ങളുടെയും (Junk Food, Fried & Proced Food) ഉപയോഗം കുറയ്ക്കണമെന്നും അവയിൽ എണ്ണകളും അനാരോഗ്യകരമായ കൊഴുപ്പുകളും അടങ്ങിയിരിക്കുന്നു എന്ന അറിവ് പകരുകയും ചെയുക. പകരം പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവ അടങ്ങിയ സമീകൃത ആഹാരത്തിന് പ്രാധാന്യം നൽകുക.

15. ആരോഗ്യകരമായ ഭക്ഷണശീലത്തിന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ അംഗങ്ങൾ (Community Members) എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങൾ സംഘടിപ്പിക്കുക.

മേൽ പരാമർശിച്ച വിഷയങ്ങളിന്മേലുള്ള നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ബന്ധപ്പെട്ട ജില്ലകളിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഇടയിൽ

പ്രചരിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

Signed by
R S Shibu
Date: 21-05-2025 07:54:53

**GOVERNMENT OF KERALAM**

No: GEDN-M1/116/2024-G.EDN
General Education (M) Department
Thiruvananthapuram,
Dated:13-10-2026

**CIRCULAR**

Sub: General Education Department - Chapter IV Rule 3(2) of KER- School Playgrounds - Guidelines - issued - reg.

Ref:
1. Judgment dated 11.04.2024 in WP(C) No.19170/2014 of the Hon'ble High Court of Kerala.
2. Judgment dated 19.05.2026 in WA No.1760/2025 of the Hon'ble High Court of Kerala.
3. Letter No.DGE/5663/2026-sports2 dated 06.08.2026 of Director of General Education

The following guidelines are issued for compliance by all Government, aided and unaided schools in the State, subject to the provisions of the Kerala Education Rules and orders issued by Government from time to time.

**1. Minimum Standards for School Playgrounds**

1.1. The minimum extent of playground required for Lower Primary (LP), Upper Primary (UP), High School (HS) and Higher Secondary School (HSS) categories shall be as prescribed by Government under the Kerala Education Rules, taking into account the category of school, educational level and land available as applicable.

1.2. The prescribed standards shall be incorporated in the Kerala Education Rules through appropriate amendment.

1.3. The standards prescribed for the respective categories of schools shall be complied with as a mandatory requirement for grant of No Objection Certificate (NOC), recognition of new schools and renewal of recognition/affiliation, as applicable.

1.4. Any subsequent reduction, encroachment, diversion or conversion of the notified playground area shall result in appropriate penalties, including withdrawal of recognition or affiliation, following due process of law.

**2. Preservation of Existing School Playgrounds**

2.1. Existing playgrounds in all government, aided and unaided schools shall be identified, mapped, and protected.

2.2. No construction activity shall be permitted within notified playground areas without prior approval from the Directorate of General Education.

2.3. Any proposal for construction within existing playground areas shall undergo a detailed assessment of its impact on children's right to play.

2.4. Violations shall result in appropriate action by the competent educational authorities

**3. Statewide School Playground Audit**

3.1. A comprehensive statewide audit covering all schools shall be conducted .

The following information shall be collected:

(a) Total extent of school land.
(b) Existing playground area and student strength at each level.
(c) Availability of indoor and outdoor sports facilities.
(d) Extent of playground utilisation during and after school hours.
(e) Whether playgrounds are being used for parking or other non-educational purposes.
(f) Availability of school sports teams.
(g) Participation in Sub-District, District, State, and National competitions.
(h) Availability of Physical Education Teachers.

(i) Availability of sports equipment and infrastructure.
(j) Additional relevant data may be collected as appropriate during the data collection process.

3.2. The collected data may be provided to SCERT, the Directorate of General Education, and other competent agencies for policy formulation, curriculum planning, infrastructure development, and monitoring.

**4. Physical Fitness Laboratories in Schools with Inadequate Playground Space**

4.1.In schools where adequate playground space is not available owing to genuine constraints relating to land availability, the school authorities and educational authorities shall take steps to ensure that students nevertheless receive adequate opportunities for physical activity and sports.

4.2. In schools where 30% of the total land area cannot be allocated for a playground, establishment of suitable Physical Fitness Laboratories/physical fitness facilities shall be taken up in a phased manner.

4.3. Such facilities shall be planned and implemented in accordance with the directions and technical guidance issued by the Director of General Education.

4.4. The possibility of mobilising resources for such facilities through permissible sources including CSR, Department of Sports and Youth Affairs, Local Self Government Institutions, PTA contributions, public-private partnerships and sponsorships shall be considered.

4.5. The Physical Fitness Laboratory shall be supervised by the Physical Education Teacher. If no such teacher is available, the Headmaster or Principal shall assign responsibility to a suitably trained staff member.

4.6. In LP and UP Schools, one classroom may be earmarked exclusively for the Physical Fitness Laboratory.

4.7. In Secondary and Higher Secondary Schools, two classrooms may be earmarked for the Physical Fitness Laboratory.

**5. Prevention of Conversion of Playgrounds into Parking Areas**

5.1. Schools shall be prohibited from permanently converting playgrounds

into parking areas.

5.2. Local Self-Government Institutions may identify and allocate suitable common parking facilities outside school premises.

5.3. Shared parking facilities may be developed for use by multiple schools within a locality.

5.4. Existing playground areas shall be restored and reserved exclusively for sports, recreation, and physical activity.

**6. Monitoring and Compliance**

6.1. The Deputy Directors of Education, District Educational Officers and Assistant Educational Officers shall ensure implementation of these norms/guidelines within their respective jurisdictions.

6.2. The Director of General Education shall monitor the implementation of the norms/guidelines throughout the State and shall take necessary steps for addressing deficiencies identified during inspections and audits.

6.3. The Director of General Education shall furnish Government, wherever required, a consolidated report regarding the implementation of these norms/guidelines and the status of school playgrounds in the State.

DR D SAJITH BABU I A S

SPECIAL SECRETARY

To:

1. The Director of General Education, Thiruvananthapuram.
2. All District Educational Officers/ AEOs
3. All Principals/Headmasters/Headmistresses of Government, aided and unaided schools
4. The Director, Samagra Shiksha Kerala, Thiruvananthapuram.
5. The Director, SCERT, Keralam

6. The Chief Executive Officer, Kerala Infrastructure and Technology for Education (KITE), Thiruvananthapuram( for publishing in the website)
7. Information Officer, Web & New Media, I&PRD
8. SF

Forwarded / By order,

Section Officer.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- 'അക്ഷരം ആരോഗ്യം' സ്കൂൾ ആരോഗ്യ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

സ.ഉ.(അച്ചടി) നം.109/2025/H&FWD തീയതി,തിരുവനന്തപുരം, 10-11-2025

---

**ഉത്തരവ്**

ആരോഗ്യമുള്ള ജനത സമൂഹത്തിന്റെ സുസ്ഥിര വികസനത്തിന് അനിവാര്യമാണെന്ന കാഴ്ചപ്പാടോടെ, കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി മികച്ച ആരോഗ്യ അവബോധം, ആരോഗ്യ ശീലങ്ങൾ, വ്യായാമശീലങ്ങൾ, വ്യക്തി-പരിസര ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കാനും, പോഷകാഹാരക്കുറവ്, വിളർച്ച, കുട്ടികളിലെ പ്രമേഹം അടക്കമുള്ള വിവിധ രോഗങ്ങളുള്ള എല്ലാ കുട്ടികളെയും വാർഷിക ആരോഗ്യ പരിശോധനയിലൂടെ കണ്ടെത്തി തുടർചികിത്സ ഉറപ്പാക്കാനും, സ്കൂൾ വിദ്യാർഥികൾക്ക് ശാരീരിക–മാനസിക-പ്രജനന ആരോഗ്യം, ആരോഗ്യകരമായ ജീവിത ശൈലി, ലഹരിവസ്തുക്കളുടെ പ്രതിരോധം, സമൂഹമാധ്യമങ്ങളുടെ സുരക്ഷിതമായ ഉപയോഗം എന്നിവ സംബന്ധിച്ച് പ്രായാനുസൃതമായ അറിവുകൾ നൽകാനും ലക്ഷ്യമിട്ട്, കേരളത്തിലെ യുവതലമുറയുടെ സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സമഗ്ര സ്കൂൾ ആരോഗ്യ പരിപാടിക്ക് (**'അക്ഷരം ആരോഗ്യം'**) രൂപം നൽകിയിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയിൽ നിന്നുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി പരിഗണിച്ച്, ആവശ്യമായ പ്രത്യേക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും സ്കൂളുകളും, കുടുംബാരോഗ്യ കേന്ദ്രങ്ങളും, ആയുഷ് ആരോഗ്യ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നാണ് **"അക്ഷരം ആരോഗ്യം"** പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഒന്ന് മുതൽ പന്ത്രണ്ട് വരെ

ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി നടപ്പിലാക്കുന്ന **'അക്ഷരം ആരോഗ്യം' സ്കൂൾ ആരോഗ്യ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയ്ക്ക്** സർക്കാർ അംഗീകാരം നൽകി ഉത്തരവാകുന്നു. പദ്ധതി മാർഗ്ഗ രേഖ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
ഡയറക്ടർ, ആരോഗ്യ വകുപ്പ് , തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
ഡയറക്ടർ, ഹോമിയോപ്പതി
പൊതുവിദ്യാഭ്യാസ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
വനിതാ ശിശു വികസന വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്, കേരള, തിരുവനന്തപുരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-
1.ബഹു.മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2.ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3.ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

# അക്ഷരം ആരോഗ്യം

## സ്കൂൾ ആരോഗ്യ പദ്ധതി

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സ്കൂൾ ആരോഗ്യ പദ്ധതി

**<u>"അക്ഷരം ആരോഗ്യം"</u>**

ഉള്ളടക്കം


| | |
|---|---|
| 1. പശ്ചാത്തലം | 2 |
| 2. ലക്ഷ്യങ്ങൾ | 3 |
| 3. ഗുണഭോക്താക്കൾ | 4 |
| 4. പദ്ധതിയുടെഘടകങ്ങൾ | 4 |
| 5. നിർവഹണം | 7 |
| 6. ഹെൽത്ത് മെന്റർ അദ്ധ്യാപകർ | 8 |
| 7. 'ഹെൽത്ത് അംബാസഡർ' വിദ്യാർഥികൾ | 9 |
| 8. പരിശീലനവും നൈപുണ്യവികസനവും | 9 |
| 9. സ്കൂൾ ഹെൽത്ത് കോർണർ (സ്കൂൾ ആരോഗ്യ ഇടം) | 11 |
| 10. അവബോധന ക്ലാസ്സുകളിൽ ഊന്നൽ കൊടുക്കുന്ന വിഷയങ്ങൾ | 11 |
| 11. തുടർപ്രവർത്തനങ്ങൾ | 14 |
| 12. സ്ഥാപനങ്ങളിൽ നടത്തേണ്ട തയ്യാറെടുപ്പ് | 15 |
| 13. സ്കൂളിലെ പ്രവർത്തനങ്ങൾ | 23 |
| 14. ഏകോപനം | 24 |

**പശ്ചാത്തലം**

ആരോഗ്യമുള്ള ജനത സമൂഹത്തിന്റെ സുസ്ഥിര വികസനത്തിന് അനിവാര്യവും അത്യന്താപേക്ഷിതവുമാണ്. ഉയർന്ന ആയുർദൈർഘ്യം, ഏറ്റവും കുറഞ്ഞ മാതൃ-ശിശു മരണ നിരക്കുകൾ തുടങ്ങിയ മികച്ച ആരോഗ്യ സൂചകങ്ങൾ കേരളത്തിന്റെ ആരോഗ്യ മേഖലയിലെ നേട്ടങ്ങളാണ്. ഗർഭാവസ്ഥ മുതൽ തന്നെ കുഞ്ഞിന്റെയും അമ്മയുടേയും ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ ഇടപെടലുകൾ വിവിധ പദ്ധതികളിലൂടെ സർക്കാർ നടപ്പിലാക്കുന്നുണ്ട്. '**1000**' ദിന പരിപാടി, **New Born Screening,** പോഷകാഹാരം ഉറപ്പാക്കൽ തുടങ്ങിയ ഓരോ ഘട്ടത്തിലും ആവശ്യാനുസരണമുള്ള ആരോഗ്യ ഇടപെടലുകളാണ് നാം നടത്തി പോരുന്നത്.

രോഗാതുരത കുറഞ്ഞ സമൂഹമായി നാം മാറുകയും ഓരോ വ്യക്തികളുടേയും ആരോഗ്യ സംബന്ധമായ ജീവിത ഗുണനിലവാരം ഏറ്റവും മെച്ചപ്പെട്ടതാകുകയും ചെയ്യേണ്ടതുണ്ട്. ഇതിനായാണ് സമഗ്ര സ്കൂൾ ആരോഗ്യ പരിപാടി ആവിഷ്കരിക്കുന്നത്.

കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ആവശ്യമായ ഇടപെടലും പിന്തുണയും സമഗ്ര സ്കൂൾ ആരോഗ്യ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. മികച്ച ആരോഗ്യ അവബോധം വളർത്തിയെടുക്കുക, ആരോഗ്യ ശീലങ്ങൾ സ്വായത്തമാക്കുക ഇവയും ഇതിലൂടെ സാധ്യമാകും. ആരോഗ്യ അവബോധവും മികച്ച ആരോഗ്യ ശീലങ്ങളും കുട്ടിയിലൂടെ കുടുംബത്തിലേക്കും അതുവഴി സമൂഹത്തിലേയ്ക്കും എത്തിക്കാനും സാധിക്കും.

**ലക്ഷ്യങ്ങൾ**

➢ ആരോഗ്യമുള്ള തലമുറ ഉണ്ടാക്കുക, സമൂഹത്തിന്റെ രോഗാതുരത കുറയ്ക്കുക, ശാസ്ത്രീയമായ ആരോഗ്യ ബോധം വളർത്തിയെടുക്കുക, എകാരോഗ്യ സമീപനത്തെക്കുറിച്ചുള്ള ബോധ്യം വളർത്തുക, സ്കൂൾ വിദ്യാർഥികൾക്ക് ശാരീരിക– മാനസിക- പ്രജനന ആരോഗ്യം, ശരിയായ വ്യക്തിബന്ധങ്ങൾ, ആരോഗ്യകരമായ ജീവിത ശൈലി, ലഹരിവസ്തുക്കളുടെ പ്രതിരോധം, ഇലക്ട്രോണിക് ഉപകരണങ്ങളുടേയും സമൂഹമാധ്യമങ്ങളുടെയും സുരക്ഷിതമായ ഉപയോഗം എന്നിവ സംബന്ധിച്ച് പ്രായാനുസൃതമായ അറിവുകൾനൽകുക, അവബോധം വർദ്ധിപ്പിക്കുക, അതിലൂടെ ഗുണപരമായ പെരുമാറ്റ രീതികൾ പ്രോത്സാഹിപ്പിക്കുക.

➢ കുട്ടികളിൽ ആരോഗ്യകരമായ സ്വഭാവ രൂപീകരണം, നല്ല ആരോഗ്യ ശീലങ്ങൾ, ജീവിത ശൈലി, കലാകായിക വിനോദങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുക, വ്യായാമശീലങ്ങൾ, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പുവരുത്തുക.

➢ പോഷകാഹാരക്കുറവ്, വിളർച്ച, ശാരീരിക/മാനസിക വെല്ലുവിളികൾ, കുട്ടികളിലെ പ്രമേഹം (ജുവനൈൽ ഡയബെറ്റിസ്) അടക്കമുള്ള വിവിധ രോഗങ്ങൾ മുതലായവ ഉള്ള കുട്ടികളെയും കൗമാരപ്രായക്കാരെയും വാർഷിക ആരോഗ്യ പരിശോധനയിലൂടെ കണ്ടെത്തി ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തു പരിഹരിക്കുക.

➢ കൗമാരപ്രായക്കാരിൽ ആർത്തവ ശുചിത്വത്തെ സംബന്ധിച്ച് അവബോധം നൽകുന്നതിന് അധ്യാപകരെ (ഹെൽത്ത് മെന്റർ) പ്രാപ്തരാക്കുക.

➢ കുട്ടികളിൽ മാനസികാരോഗ്യ അവബോധവും ജീവിത നൈപുണ്യവും വളർത്തുക, മൂല്യാധിഷ്ഠിത വ്യക്തിബന്ധങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

➢ ഇലക്ട്രോണിക് ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും സുരക്ഷിതമായ ഉപയോഗം, മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളോടുള്ള അമിതാസക്തി, അവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്നിവ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

**ഗുണഭോക്താക്കൾ**

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ.

**പദ്ധതിയുടെ ഘടകങ്ങൾ - 5 മേഖലകളിലെ സേവനങ്ങൾ**

**1. സ്കൂൾ ആരോഗ്യ പ്രോത്സാഹന പരിപാടി**

- ആരോഗ്യകരമായ ജീവിതശൈലി, പെരുമാറ്റരീതി, രോഗപ്രതിരോധം എന്നിവ ലക്ഷ്യമാക്കി പ്രായാനുസൃതമായ അവബോധന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മോഡ്യൂൾ തയ്യാറാക്കുന്നതാണ്.

- ഓരോ സ്കൂളിലും ‘ഹെൽത്ത് മെന്റർമാ’രായി തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപിക/അദ്ധ്യാപകന് മൊഡ്യൂൾ പ്രകാരമുള്ള പരിശീലനം നൽകി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഇതിനാവശ്യമായ സാങ്കേതിക സഹായം ആരോഗ്യ വകുപ്പ് നൽകുന്നതാണ്. എൽ.പി, യു.പി സ്കൂളുകളിൽ 500-ൽ താഴെ വരെ കുട്ടികളാണെങ്കിൽ ഒരു അദ്ധ്യാപികയും, അതിനു മുകളിൽ കുട്ടികൾ ഉണ്ടെങ്കിൽ രണ്ട് അദ്ധ്യാപകരെയും തിരഞ്ഞെടുക്കാവുന്നതാണ്. 250 കുട്ടികൾക്ക് ഒരു സ്കൂൾ ഹെൽത്ത് അംബാസഡറും (പെൺകുട്ടി) അതിനു മുകളിൽ വരുന്ന കുട്ടികൾക്ക് ആനുപാതികമായി ആൺകുട്ടികളെയും ഉൾപ്പെടുത്താവുന്നതാണ്. നിലവിലെ ക്ലാസ് ലീഡർ ഹെൽത്ത് മെസ്സഞ്ചർ ആയും തുടരണം.

**2. വാർഷിക ആരോഗ്യപരിശോധന**

കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ, മറ്റു ആരോഗ്യ പ്രവർത്തകർ, നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം) ലെ ആർ.ബി.എസ്.കെ നഴ്സുമാർ മുതലായവർ  അടങ്ങുന്ന ആരോഗ്യ ടീം വിദ്യാലയങ്ങളിൽ എത്തി കുട്ടികളെ ആരോഗ്യ രേഖ പ്രകാരമുള്ള പരിശോധന നടത്തി ആരോഗ്യ ഇടപെടൽ ആവശ്യമായവരെ കണ്ടെത്തുക. ഈ കുട്ടികൾക്ക് വിവിധ തലങ്ങളിൽ ഉള്ള ആരോഗ്യ കേന്ദ്രങ്ങൾ വഴിതുടർ പരിചരണം ആരോഗ്യവകുപ്പ് ഉറപ്പാക്കുക.

**3. സ്കൂളിൽ ലഭ്യമാക്കുന്ന ആരോഗ്യ സേവനങ്ങൾ**

വിവിധ ആരോഗ്യപരിപാടികളുടെ ഭാഗമായി സ്കൂളുകളിൽ നൽകി വരുന്ന, താഴെ പ്രതിപാദിച്ചിട്ടുള്ള സേവനങ്ങൾ സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി ആരോഗ്യവകുപ്പ് ശാക്തീകരിക്കുന്നതാണ്.

- കുട്ടികൾക്ക് കാഴ്ചശക്തി, കേൾവിശക്തി ഇവയുമായി ബന്ധപ്പെട്ട പിന്തുണ ആവശ്യമുണ്ടെങ്കിൽ ഉറപ്പാക്കുക.

- പ്രതിവാര അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ പരിപാടി (WIFS), ദേശീയ വിരവിമുക്ത ദിന പരിപാടി (NDD) എന്നിവയിലൂടെ അയൺ ഫോളിക് ആസിഡ് ഗുളികകളും (IFA) ആൽബൻററസോൾ ഗുളികകളും അധ്യാപകർ മുഖേന നൽകുക.

- സാനിറ്ററി നാപ്കിനുകളുടെ വിതരണം, ആർത്തവ ശുചിത്വം, ആർത്തവാരോഗ്യം, പ്രജനന ആരോഗ്യ വിദ്യാഭ്യാസം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള  അവബോധം കൗമാരക്കാരായ പെൺകുട്ടികൾക്ക് നല്കുക.

- പ്രായാനുസൃതമായ പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാ കുട്ടികൾക്കും ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പാക്കുക.

## 4. ഹെൽത്ത് കാർഡ്

- ഓരോ കുട്ടിക്കും ഹെൽത്ത് ID കാർഡ് (മാതാപിതാക്കളുടെ രേഖാമൂലമുള്ള അനുവാദത്തോടെ) ഉണ്ടാക്കുകയും അതിൽ ലഭ്യമായ ഇമ്മ്യൂനൈസേഷൻ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക. ആരോഗ്യ പരിശോധന അടിസ്ഥാനപ്പെടുത്തിയുള്ള വിവരങ്ങൾ ഇലക്ട്രോണിക് ആരോഗ്യ രേഖ / ഹെൽത്ത് കാർഡിൽ രേഖപ്പെടുത്തുകയും സ്റ്റേറ്റ് ഡേറ്റ സെന്ററിൽ സൂക്ഷിക്കുകയും ചെയ്യും. ഇലക്ട്രോണിക്ക് ആരോഗ്യ രേഖ / ഹെൽത്ത് കാർഡ് പ്രാബല്യത്തിൽ ആകുന്നത് വരെ **Hard copy** രൂപത്തിൽ സ്കൂൾ സ്ഥിതി ചെയ്യുന്ന പരിസരത്തെ ഹെൽത്ത് സെന്ററിൽ ആരോഗ്യ വകുപ്പ് സൂക്ഷിക്കുന്നതാണ്. (രക്ഷകർത്താക്കളുടെ അനുവാദത്തോടെ മാത്രമേ ഹെൽത്ത് ചെക്ക് അപ്പ് നടത്തുവാനും, ഹെൽത്ത് കാർഡ് നൽകുവാനും പാടുള്ളൂ. ആവശ്യമായ ഘട്ടത്തിൽ പി.റ്റി.എ കൂടി ഹെൽത്ത് കാർഡിനെ പറ്റി അവബോധം സൃഷ്ടിക്കേണ്ടതാണ്. ജെ.പി.എച്ച്.എൻ / ആരോഗ്യ വിദഗ്ധർ ഇവരെ മാത്രമാണ് ഇതു ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്. കുട്ടിയുടെ അനുവാദത്തോടെ ഡോക്ടർമാർക്ക് മാത്രമേ ഈ വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ)

## 5. പ്രഥമശുശ്രൂഷ പരിശീലനം

അടിയന്തിര ഘട്ടങ്ങളിൽ **CPR** അടക്കം പ്രഥമ ശുശ്രൂഷ നൽകുന്നതിന് കുട്ടികളെയും അധ്യാപകരേയും പ്രാപ്തരാക്കുന്നതിനായി പരിശീലനം നല്കുന്നു. കുട്ടികളുടേയും അധ്യാപകരുടേയും പ്രഥമ ശുശ്രൂഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നിർബന്ധമായും പ്രായാനുസൃതമായി മാത്രം ബോധവൽക്കരണ പ്രവർത്തനവും പരിശീലനവും നൽകുക.

**ആരോഗ്യ വിദ്യാഭ്യാസം:**

എല്ലാ സ്കൂളുകളിലും ഹെൽത്ത് അസംബ്ലി, ഹെൽത്ത് കോർണർ (വേണ്ട **IEC** മെറ്റീരിയലുകൾ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്) ഇവയിലൂടെ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും, അനാരോഗ്യകരമായ ശീലങ്ങൾ തടയുകയും ചെയ്യുക.

**ആരോഗ്യപരിശോധന**

സ്കൂൾ കുട്ടികളിൽ ആരോഗ്യ അവസ്ഥകൾ / പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കുന്നു.

**നൈപുണ്യ വികസനം**

പ്രഥമ ശുശ്രൂഷ, ജീവിതനൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനാധിഷ്ഠിത പരിശീലനങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നു. എല്ലാ പ്രവർത്തനങ്ങളും സ്കൂൾ ആക്ടിവിറ്റി കലണ്ടറിൽ ചേർത്താണ് നടത്തുക. (വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂൾ ആക്ടിവിറ്റി കലണ്ടർ പരിശോധിച്ച ശേഷം മാത്രം ആക്ടിവിറ്റികൾ കൂടി ഉൾപ്പെടുത്തുന്നതാണ്)

**നിർവ്വഹണം**

സ്കൂൾ ആരോഗ്യ പദ്ധതിക്ക് നേതൃത്വം നൽകുന്നതിനായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നിന്നും, ജില്ലാ റിസോഴ്സ് ഗ്രൂപ്പിൽ നിന്നും സന്നദ്ധരായ അധ്യാപകരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഉചിതമായ പരിശീലനം സ്കൂളുകളിൽ നൽകുന്നതിന് നിയോഗിക്കുക.

മൂന്നു മാസത്തിലൊരിക്കൽ സ്കൂൾ അസംബ്ലി കൂടി ആരോഗ്യ ബോധവൽക്കരണം ആരോഗ്യ പ്രവർത്തകരുടെയും ഹെൽത്ത് മെന്റർമാരുടെയും നേതൃത്വത്തിൽ സ്കൂളുകളിൽ നടപ്പിലാക്കാവുന്നതാണ്.

ഓരോ പ്രദേശത്തെയും സ്കൂളുകളും, കുടുംബാരോഗ്യ കേന്ദ്രങ്ങളും, ആയുഷ് ആരോഗ്യ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നാണ് **"അക്ഷരം ആരോഗ്യം"** പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കുടുംബാരോഗ്യ

കേന്ദ്രത്തിലെ മെഡിക്കൽ ഓഫിസറാണ് ഈ പ്രവർത്തനങ്ങൾക്ക് സാങ്കേതിക നേതൃത്വം നൽകുന്നത്.

**' ഹെൽത്ത് മെന്റർ' അധ്യാപകർ**

സ്കൂൾ ആരോഗ്യ പദ്ധതിയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് അധ്യാപകരാണ്. സ്വയം പ്രചോദനം ഉൾക്കൊള്ളുന്നവരും, നല്ല ആശയ വിനിമയശേഷി ഉള്ളവരും, വിദ്യാർഥികളുമായി നല്ല ബന്ധം പുലർത്തുന്നവരുമായ അധ്യാപകരെയാണ് പദ്ധതിക്കായി സ്കൂൾ ഹെൽത്ത് മെന്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടത്. പരിശീലനം ലഭിച്ച സ്കൂൾ ഹെൽത്ത് മെന്റർമാർ മാസത്തിലൊരിക്കൽ ക്ലാസ് മുറികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്. ഇതിനുള്ള പരിശീലന മോഡ്യൂൾ, പദ്ധതിയുടെ ഭാഗമായി ആരോഗ്യവകുപ്പ് തയ്യാറാക്കുന്നതാണ്. പോഷണ നിലവാരം, മാനസികാരോഗ്യം, പ്രജനന ആരോഗ്യം, ആരോഗ്യപരമായ വ്യക്തിബന്ധങ്ങൾ, ലിംഗനീതി, ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ടുള്ള ദോഷങ്ങൾ, അക്രമ വാസനയും ശാരീരിക ക്ഷതങ്ങളും തടയുന്നത്, പകർച്ചവ്യാധി / പകർച്ചേതര വ്യാധികളുടെ പ്രതിരോധം, ഇലക്ട്രോണിക് / സോഷ്യൽ മീഡിയ സുരക്ഷ മുതലായ സുപ്രധാന വിഷയങ്ങൾ പരിശീലന മോഡ്യൂളിൽ ഉൾപ്പെടുത്തുന്നതാണ്.

**' ഹെൽത്ത് അംബാസഡർ' വിദ്യാർത്ഥികൾ**

- എല്ലാ സ്കൂളുകളിലും അധ്യാപകരായ ഹെൽത്ത് മെന്റർമാരുമായി ചേർന്ന് സജീവമായി പ്രവർത്തിക്കുന്നതിന് പൊതു മികവിന്റെയും പ്രതിബദ്ധതയുടെയും അടിസ്ഥാനത്തിൽ ഓരോ സ്കൂളിനും ഓരോ 250 കുട്ടികൾക്ക് ഒരു സ്കൂൾ ഹെൽത്ത് അംബാസഡറും (പെൺകുട്ടി), അതിനു മുകളിൽ വരുന്ന കുട്ടികൾക്ക് ആനുപാതികമായി ആൺകുട്ടികളെയും ഉൾപ്പെടുത്താവുന്നതാണ്. നിലവിലെ

ക്ലാസ് ലീഡറാണ് ഹെൽത്ത് മെസ്സഞ്ചർ ആയി തുടരേണ്ടത്. ആർ.കെ.എസ്.കെ / കൗമാര ആരോഗ്യ പിയർ എജ്യുക്കേറ്റർമാർ, എൻ.എസ്.എസ്, എൻ.സി.സി എന്നിവർക്ക് പരിഗണന നൽകാവുന്നതാണ്. മാനസിക-ശാരീരിക-സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ടുള്ള ദോഷങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പിയർ ഗ്രൂപ്പ് ലീഡർമാരായും ഇവർ പ്രവർത്തിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ സൗകര്യമുള്ള സ്കൂളുകൾ തിരഞ്ഞെടുത്ത് പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. സ്കൂളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രഥമാധ്യാപകൻ അവസരം നൽകുന്നതും ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ആവശ്യമായ പിന്തുണ നൽകുന്നതുമാണ്.

**പരിശീലനവും നൈപുണ്യ വികസനവും**

മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തുന്ന അധ്യാപകർക്ക് പ്രത്യേക നൈപുണ്യ പരിശീലനവും റിഫ്രെഷർ പരിശീലനവും നൽകേണ്ടതാണ്.

വിദ്യാഭ്യാസം, ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, ആയുഷ്, വനിതാ ശിശു വികസനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർക്ക് സെൻസിറ്റൈസേഷൻ പരിപാടി ജില്ലാ തലത്തിൽ സംഘടിപ്പിക്കുക. എല്ലാ ബ്ലോക്കിനെയും പ്രതിനിധീകരിക്കുന്ന ഡോക്ടർമാർ അടങ്ങുന്ന ജില്ലാ റിസോഴ്സ് ഗ്രൂപ്പിന് (DRG)ക്ക് ത്രിദിന മൊഡ്യൂൾ പരിശീലനം നൽകേണ്ടതാണ്. ജില്ലാതലത്തിൽ ആരോഗ്യവകുപ്പിലെ RCH Officer, MCH Officer, DPHN, Technical Assistant, District Education Media Officer (DEMO), Dy DEMO , RBSK- RKSK Co-ordinator, ASHA coordinator, Junior consultant(HWC), Block MO, Health Supervisor (HS), Public Health Nurse Supervisor (PHNS); Community Medicine Department Faculty Members(2), നാഷണൽ ആയുഷ് മിഷനിലെ 2 ഡോക്ടർമാർ, വിദ്യാഭ്യാസ വകുപ്പിലെ DEOs, AEOs, DIET Faculties, മുതലായവർക്ക് പദ്ധതിയെ

പരിചയപ്പെടുത്തുന്ന പരിശീലനവും, ഓരോ സ്കൂളിൽ നിന്ന് താല്പര്യമുള്ള അദ്ധ്യാപകർക്ക് ത്രിദിന മോഡ്യൂൾ പരിശീലനവും ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ (DRG + SRG) നൽകുന്നത് ഉചിതമാണ് .

ബ്ലോക്ക് തലത്തിൽ SRG, DRG അംഗങ്ങൾ, ഓരോ സ്കൂളിൽ നിന്ന് താല്പര്യമുള്ള അദ്ധ്യാപകർക്ക് ത്രിദിന പരിശീലനം നല്കുന്നതാണ്. പുറമേ, എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും മെഡിക്കൽ ഓഫീസർ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ്, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, എം.എൽ.എസ്.പി, ആർ.ബി.എസ്.കെ നേഴ്സ്, കൗമാര ആരോഗ്യ കൗൺസിലർ, എന്നിവരടങ്ങുന്ന ബ്ലോക്ക് റിസോഴ്സ് ഗ്രൂപ്പ് (BRG) അംഗങ്ങൾക്ക് ഒരു ദിവസത്തെ പരിചയപ്പെടുത്തൽ പരിശീലനം നൽകുന്നതാണ്. ബ്ലോക്കിലെ എല്ലാ ആശാ വർക്കർമാർക്കും അര ദിവസത്തെ പരിചയപ്പെടുത്തൽ പരിശീലനം DRG/BRG അംഗങ്ങൾ നൽകുന്നതാണ്.

BRC, CRC ആക്ടിവിറ്റി കലണ്ടർ പ്രകാരം മാത്രമേ ട്രെയിനിംഗ് നടത്തുവാൻ പാടുള്ളൂ. കൂടാതെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്കൂളിന്റെ വേദികൾ / സ്കൂൾ സൗകര്യം ഉപയോഗിക്കാവുന്നതാണ്. Q1, Q2 വിൽ മാത്രമേ ടി പദ്ധതിയുടെ പരിശീലനത്തിനും നടത്തിപ്പിനുമായി ഉപയോഗപ്പെടുത്തേണ്ടതുള്ളൂ.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ "സ്കൂൾ ഹെൽത്ത്" ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ, ആരോഗ്യ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്ന മതിലുകളും **ഹെൽത്ത് കോർണറുകളും** ആരോഗ്യ ബോധവൽക്കരണ പ്രവർത്തനത്തിനായി ഉപയോഗിക്കേണ്ടതാണ്. ഇവിടെ ആരോഗ്യവുമായി ബന്ധപ്പെട്ട പൊതുഅറിവുകൾ പ്രദർശിപ്പിക്കാനുള്ള ബോർഡും, ബോധവൽക്കരണ സാമഗ്രികളും, നോട്ടീസ് ബോർഡ്, വെയിംഗ് മെഷീൻ, ഭിത്തിയിൽ പതിപ്പിച്ച സ്റ്റേഡിയോ മീറ്റർ, ആരോഗ്യ ബുള്ളറ്റിനുകൾ പ്രദർശിപ്പിക്കാനുള്ള ഇടം, പൊക്കത്തിനനുസരിച്ചുള്ള ശരീരഭാരം എന്തെന്ന് നിർവചിച്ചു കൊണ്ടുള്ള സന്ദേശങ്ങൾ, കിടക്ക, മറ, മരുന്നുകൾ എന്നിവ

അടക്കമുള്ള പ്രഥമ ശുശ്രൂഷ സാമഗ്രികൾ ഉണ്ടായിരിക്കണം. ഇവ നടപ്പിലാക്കേണ്ടത് ആരോഗ്യ വകുപ്പിൻ കീഴിലാണ്.

**സ്കൂൾ കുട്ടികൾക്കുള്ള അവബോധ ക്ലാസുകളിൽ ഊന്നൽ കൊടുക്കുന്ന വിഷയങ്ങൾ**

**LP സ്കൂൾ, പ്രീ സ്കൂൾ -**

- വളർച്ചയും വികാസവും
- ആരോഗ്യകരമായ ഭക്ഷണ ക്രമം
- വിളർച്ച തടയൽ
- കണ്ണുകളുടെയും വായയുടെയും ആരോഗ്യ പരിപാലനം
- ശാരീരിക ശുചിത്വം
- വ്യായാമം
- വ്യക്തിസുരക്ഷ
- പരിസര ശുചിത്വം
- സാംക്രമിക രോഗപ്പകർച്ച തടയൽ
- രോഗ പ്രതിരോധം (ഇമ്മ്യൂണൈസേഷൻ)
- പ്രായത്തിനു അനുസൃതമായി മാത്രം പ്രഥമ ശുശ്രൂഷാ പരിശീലനം

**UP സ്കൂൾ**

- കൗമാരവുമായി ബന്ധപ്പെട്ടുള്ള ശാരീരിക മാനസിക മാറ്റങ്ങൾ
- വ്യായാമ ശീലങ്ങൾ
- കണ്ണുകളുടെയും വായയുടെയും ആരോഗ്യ പരിപാലനം
- ശരിയായ പോഷണം

- വിളർച്ച തടയൽ
- സാംക്രമിക രോഗപ്പകർച്ച, സാംക്രമികേതര രോഗങ്ങൾ തടയൽ
- രോഗ പ്രതിരോധം
- യോഗയും മെഡിറ്റേഷനും
- മാനസികാരോഗ്യം
- അക്രമവാസനയും ശാരീരിക ക്ഷതവും തടയൽ
- ഇന്റർനെറ്റ് മറ്റു മാധ്യമങ്ങൾ എന്നിവയുടെ സുരക്ഷിതമായ ഉപയോഗം
- ലഹരിവസ്തുക്കളുടെ ഉപയോഗം ഒഴിവാക്കൽ
- റോഡ് സുരക്ഷ
- പ്രജനന ആരോഗ്യം, എച്ച്. ഐ. വി /എയ്ഡ്സ്
- പ്രായത്തിനു അനുസൃതമായ പ്രഥമ ശുശ്രൂഷാ പരിശീലനം

**ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ -**

- കൗമാരവുമായി ബന്ധപ്പെട്ടുള്ള ശാരീരിക മാനസിക മാറ്റങ്ങൾ
- വ്യായാമ ശീലങ്ങൾ
- കണ്ണുകളുടെയും വായയുടെയും ആരോഗ്യ പരിപാലനം
- ശരിയായ പോഷണം
- വിളർച്ച തടയൽ
- സാംക്രമിക രോഗപ്പകർച്ചതടയൽ
- പ്രമേഹം, രക്ത സമ്മർദ്ദം മുതലായ സാംക്രമികേതര രോഗങ്ങൾ തടയൽ
- ഏകാരോഗ്യം

- രോഗ പ്രതിരോധം
- യോഗയും മെഡിറ്റേഷനും
- മാനസികാരോഗ്യം
- അക്രമവാസനയും ശാരീരിക ക്ഷതവും തടയൽ,
- ഇന്റർനെറ്റ്, മറ്റു മാധ്യമങ്ങൾ എന്നിവയുടെ സുരക്ഷിതമായ ഉപയോഗം
- ലഹരി വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുക
- പ്രജനന ആരോഗ്യം, എച്ച്. ഐ.വി /എയ്ഡ്സ്
- അവിചാരിതമായുള്ള പരിക്ക് പറ്റുന്നത് (ആക്സിഡന്റ് / അപകടങ്ങൾ)
- റോഡ് സുരക്ഷ
- പ്രായത്തിനു അനുസൃതമായ പ്രഥമ ശുശ്രൂഷാ പരിശീലനം
- സാന്ത്വന പരിചരണം

**തുടർ പ്രവർത്തനങ്ങൾ**

**ആരോഗ്യ പരിശോധന –(മാതൃക)**

➢ കുടുംബാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ സ്ക്രീനിംഗ് ടീം, സ്ഥാപനത്തിന്റെ പരിധിയിൽ ഉള്ള സ്കൂളുകൾ സന്ദർശിക്കുന്നതിനുള്ള തീയതികൾ നിശ്ചയിക്കണം. (ഉത്തരവാദിത്തം – കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ )

➢ സ്കൂൾ സന്ദർശനത്തിനായി നിശ്ചയിച്ചിട്ടുള്ള ആരോഗ്യ പ്രവർത്തകർ രക്ഷിതാക്കളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് കാർഡ് പ്രകാരമുള്ള ആരോഗ്യ പരിശോധന നടത്തേണ്ടതാണ്. ക്ലാസ്സ് ടീച്ചർമാരുമായും ഇവർ നല്ല ആശയവിനിമയം നടത്തേണ്ടതാണ്.

➢ പരിശോധന നടത്തിയ വിവരങ്ങൾ ആരോഗ്യ കാർഡിൽ രേഖപ്പെടുത്തുന്നു (ഉത്തരവാദിത്തം- ആരോഗ്യ സ്ക്രീനിംഗ് ടീം).

➢ ആരോഗ്യ സ്ക്രീനിങ് നടത്തി തുടർ ആരോഗ്യ പരിശോധന ആവശ്യമുള്ളവരായി കണ്ടെത്തിയ കുട്ടികളുടെ റഫറൽ / ചികിത്സ സംബന്ധിച്ച വിവരങ്ങൾ ആരോഗ്യ സ്ക്രീനിംഗ് ടീം സ്കൂൾ ആരോഗ്യ രജിസ്റ്ററിൽ രേഖപ്പെടുത്തണം. അതിന്റെ സൂക്ഷിപ്പും സ്വകാര്യതയും സൂക്ഷിക്കേണ്ട ഉത്തരവാദിത്തവും ആരോഗ്യ സ്ക്രീനിംഗ് ടീമിനാണ്.

➢ തുടർ ആരോഗ്യ പരിചരണം, പുരോഗതി എന്നിവ ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്തം രക്ഷിതാവ്, **RBSK** നേഴ്സ് എന്നിവർക്കാണ്.

➢ ദീർഘനാൾ ചികിത്സ ആവശ്യം വരുന്ന കുട്ടികളുടെ പുരോഗതിയും തുടർ ചികിത്സ സംബന്ധിച്ച വിവരങ്ങളും ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ടീം അംഗങ്ങൾ അവരുടെ മുൻഗണനാ സന്ദർശനത്തിൽ ഉൾപ്പെടുത്തി ഉറപ്പു വരുത്തേണ്ടതാണ് (ഉത്തരവാദിത്തം- **JAK** ടീം)

➢ ആരോഗ്യ പരിശോധനയിൽ പൊതുജനാരോഗ്യത്തിന് ഭീഷണിയായ ഏതെങ്കിലും രോഗങ്ങൾ കണ്ടെത്തിയാൽ **JAK/FHC/CHC യിലെ ടീം** പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കേണ്ടതാണ്.

➢ ഈ പ്രവർത്തനങ്ങളെ നയിക്കുന്നതും, പ്രാഥമികമായി വിലയിരുത്തുന്നതും, തുടർച്ച ഉറപ്പാക്കുന്നതും **FHC/ PHC** ലെ മെഡിക്കൽ ഓഫീസർമാരുടെ ചുമതലയാണ്.

➢ തുടർ ചികിത്സ ആവശ്യമായ കുട്ടികൾക്ക് റഫറൽ കത്ത് കൊടുക്കുകയും അവരെ നേരിട്ട് ആരോഗ്യ പ്രവർത്തകർ ബന്ധപ്പെടുകയും ചെയ്യേണ്ടതാണ്.

## സ്ഥാപനങ്ങളിൽ നടത്തേണ്ട തയ്യാറെടുപ്പുകൾ

### I. സ്കൂളുകൾ

## I. പ്രധാനഅധ്യാപകർ/പ്രിൻസിപ്പൽമാരുടെ ചുമതലകൾ

A. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ആവശ്യമായ അധ്യാപകരെ തിരഞ്ഞെടുത്തു പരിശീലനത്തിന് അയക്കുക.

B. തെരഞ്ഞെടുക്കപ്പെട്ട ഹെൽത്ത് അംബാസഡർ / ടീം ലീഡർ വിദ്യാർഥികൾ എന്നിവർ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടത് ആരോഗ്യ വകുപ്പാണ്.

C. സ്കൂൾ ഹെൽത്ത് മെന്റർമാർക്ക് ആരോഗ്യ പ്രവർത്തനങ്ങൾ, ക്ലാസുകൾ എന്നിവ നടത്തുവാനുള്ള അനുമതിയും സൗകര്യവുമൊരുക്കുക. കൂടാതെ ഹെൽത്ത് മെന്റർ, ഹെൽത്ത് അംബാസിഡർ കുട്ടികൾക്കും അവരെ ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സഹായവും പിന്തുണയും ജെ.പി.എച്ച്.എൻ നൽകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

D. സ്കൂൾ ആരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനായി വിദ്യാർഥികൾക്കും രക്ഷാകർത്താക്കൾക്കും പ്രചോദനം നൽകുക. പി.റ്റി.എ നടത്തുമ്പോൾ മെഡിക്കൽ ആഫീസറും ജെ.പി.എച്ച്.എൻ-നും ബോധവൽക്കരണം നടത്തേണ്ടതാണ്.

## II. ഹെൽത്ത് മെന്റർ അധ്യാപകരുടെ ചുമതലകൾ

A. ആരോഗ്യ വിദഗ്ധർ / RBSK നേഴ്സ് എന്നിവർ ആരോഗ്യ അവബോധ സെഷനുകൾ നടത്തി നിർദ്ദിഷ്ട ഫോർമാറ്റിൽ (MIS) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B. ആരോഗ്യ പരിശോധന ടീം സ്കൂൾ സന്ദർശനം നടത്തി കുട്ടികളെ സ്ക്രീൻ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുക.

C. സ്കൂൾ ആരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് അധ്യാപക–രക്ഷാകർതൃസമിതികൾ (പി.ടി.എ), രക്ഷിതാക്കൾ, കുട്ടികൾ എന്നിവരുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുക. തദ്ദേശ സ്ഥാപനതല വിദ്യാഭ്യാസ സമിതികൾ ചേരുമ്പോൾ ഇതിന്റെ പ്രവർത്തനം പൊതുവിൽ ചർച്ച ചെയ്യുകയും പരിശോധിക്കുകയും വേണം.

D. ആരോഗ്യവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ചെയ്യാനാവുന്ന ബോധവൽ കരണ പ്രോത്സാഹന പരിപാടികൾ സ്കൂൾ ക്യാംപസിൽ നടത്തുന്നതിനായി വിദ്യാർ ഥികളായ ഹെൽത്ത് അംബാസഡർ, ടീം ലീഡർ എന്നിവരെ ചുമതലപ്പെടുത്തി വേണ്ട പ്രോത്സാഹനം നൽകുക.

## III. ക്ലാസ്സ് ടീച്ചർമാരുടെ ചുമതലകൾ

A. മാനസിക ശാരീരിക ആവശ്യങ്ങൾ ഉള്ള കുട്ടിയുടെ കാര്യം പ്രത്യേകമായി മെഡിക്കൽ ഓഫീസർ / ആർ.ബി.എസ്.കെ നേഴ്സ് എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുക.

B. ആരോഗ്യ പരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയും പ്രസക്തിയും മനസ്സിലാക്കുക, ഇതിനെ പറ്റി PTA മുഖേന രക്ഷകർത്താക്കളെയും കുട്ടികളേയും ബോധവൽക്കരിക്കുക.

C. ആരോഗ്യവുമായി ബന്ധപ്പെട്ട് കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്കൂൾ ക്യാമ്പസിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹെൽത്ത് അംബാസഡർ, ടീം ലീഡർ എന്നിവരായ കുട്ടികളെ ചുമതലപ്പെടുത്തി വേണ്ട നിർദേശങ്ങൾ ഹെൽത്ത് മെന്റർ അധ്യാപകരോടൊപ്പം നൽകുക.

D. ഹെൽത്ത് അംബാസഡർ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി പ്രധാന അദ്ധ്യാപകരെ സഹായിക്കുക.

E. മൂന്ന് മാസത്തിലൊരിക്കൽ എങ്കിലും ആരോഗ്യ ബോധവത്കരണ ക്ലാസ്സുൾ സംഘടിപ്പിക്കേണ്ടതാണ് .

## IV. ഹെൽത്ത് അംബാസഡർ കുട്ടികളുടെ ചുമതലകൾ.

A. മൂന്ന് മാസം കൂടുമ്പോൾ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനായി ഹെൽത്ത് മെന്റർ ടീച്ചർമാരെ സഹായിക്കുക. ഇതുമായി

ബന്ധപ്പെട്ട് പ്രധാന അധ്യാപകർ/ പ്രിൻസിപ്പൽമാർ, ഹെൽത്ത് മെന്റർമാർ എന്നിവർ ഏൽപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക.

**VI. അധ്യാപക - രക്ഷാകർത്തൃ സമിതിയുടെ ചുമതലകൾ.**

A. സ്കൂൾ ആരോഗ്യ പരിപാടിയ്ക്ക് ആവശ്യമായ പിന്തുണയും നേതൃത്വവും നൽകുക.

B. പ്രധാന അധ്യാപകർ / പ്രിൻസിപ്പൽമാർ / ഹെൽത്ത് മെന്റർ അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ വിളിക്കുന്ന യോഗങ്ങളിൽ ക്രിയാത്മകമായി പങ്കെടുക്കുക, ആരോഗ്യ പരിശോധന നടത്തിപ്പ്, രോഗം സംശയിക്കുന്ന കുട്ടിയെ വിദഗ്ധ പരിശോധനയ്ക്ക് എത്തിക്കൽ, സമയബന്ധിതമായ തുടർ ചികിത്സ, എന്നിവയുടെ പ്രസക്തി മനസ്സിലാക്കി രക്ഷിതാക്കൾക്ക് വേണ്ട അവബോധവും പിന്തുണയും നൽകുക.

C. സ്കൂളുകളിൽ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ സന്നദ്ധതയുള്ള വ്യക്തികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

D. പ്രതിവാര അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ പരിപാടി, രോഗ പ്രതിരോധ കുത്തിവയ്പ്പ്, ആർത്തവ ശുചിത്വം, കായിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ദേശീയ വിര വിമുക്ത ദിനം, ആരോഗ്യ സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി **'ദിശ' ഹെൽപ്പ് ലൈൻ (104, 1056)** നമ്പറിന്റെ പ്രയോജനപ്പെടുത്തൽ, തുടങ്ങി വിദ്യാർഥികൾക്ക് ലഭ്യമായിട്ടുള്ള ആരോഗ്യ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി രക്ഷകർത്താക്കളെ പ്രോത്സാഹിപ്പിക്കുക.

E. ആരോഗ്യ വകുപ്പിന്റെ പ്രതിനിധികളുടെ നേതൃത്വത്തിലും സ്കൂൾ വാർഷിക ആരോഗ്യ മേളകൾ വിപുലമായ രീതിയിൽ നടത്തുവാനുള്ള ആക്ഷൻ

പ്ലാൻബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തിൽ രൂപികരിക്കുന്നതിനു വേണ്ട സഹായം നൽകുക. പ്രസ്തുത ആരോഗ്യ മേളയിൽ കുട്ടികളുടെ ആരോഗ്യത്തിനു പ്രാധ്യാനമുള്ള വിവിധ 'ഡെമോ' കൾ, ക്ലാസുകൾ, റോൾ പ്ലേകൾ, ആരോഗ്യ തീം അനുസരിച്ചുള്ള സ്കിറ്റുകൾ, കലാപരിപാടികൾ മുതലായവ ആവിഷ്കരിച്ചു അവതരിപ്പിക്കുന്നതിനായി രക്ഷാകർത്താകളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുക.

**VII. രക്ഷകർത്താക്കൾ ചെയ്യേണ്ടത്**

A. പ്രധാന അദ്ധ്യാപകർ / പ്രിൻസിപ്പൽമാർ/ ഹെൽത്ത് മെന്റർ അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ വിളിക്കുന്ന യോഗങ്ങളിൽ ക്രിയാത്മകമായി പങ്കെടുക്കുക, ആരോഗ്യ പരിശോധനയിൽ കുട്ടി പങ്കെടുക്കുന്നു എന്ന് ഉറപ്പാക്കുക. തുടർന്നും ആരോഗ്യ പരിചരണം ആവശ്യമായ കുട്ടിയെ വിദഗ്ധ പരിശോധനയ്ക്ക് എത്തിച്ച് സമയബന്ധിതമായ തുടർ ചികിത്സ ഉറപ്പു വരുത്തുക.

**VIII. സ്കൂൾ സന്ദർശന വേളയിൽ ആരോഗ്യ പരിശോധനാ ടീം ചെയ്യേണ്ടത്-**

A. ആരോഗ്യ പരിശോധന നടത്തി വിവരങ്ങൾ കുട്ടികളുടെ ആരോഗ്യ കാർഡിൽ രേഖപ്പെടുത്തുക. രോഗമുള്ളതായി കണ്ടെത്തുന്ന കുട്ടികളെ രക്ഷകർത്താക്കളുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സിക്കുക / അനുയോജ്യമായ ആരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക. ഇവരുടെ ആരോഗ്യ പ്രശ്നങ്ങൾ സ്കൂൾ ആരോഗ്യ പരിപാടിയുടെ സീൽ പതിപ്പിച്ച റഫറൽ ഫോമിൽ രേഖപ്പെടുത്തി നൽകുക.

B. ആരോഗ്യ പരിശോധന പൂർത്തിയാക്കിയ കുട്ടികൾക്ക് രക്ഷിതാക്കളുടെ അനുവാദത്തോടെ മാനദണ്ഡപ്രകാരം ആവശ്യമായ തുടർ ചികിത്സയും പരിചരണവും ഉറപ്പാക്കുക.

C. ആരോഗ്യ പരിശോധന നടത്തിയ കുട്ടികളുടെ തുടർ പരിചരണം ഉറപ്പു വരുത്തുന്നതിനായി തുടർ സന്ദർശനങ്ങൾ നടത്തി വിവരങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രം / ഉപകേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.

**IX. കുടുംബാരോഗ്യകേന്ദ്രം / പ്രാഥമികആരോഗ്യകേന്ദ്രം / സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർമാരുടെ ചുമതലകൾ.**

A. റഫർ ചെയ്യെത്തുന്ന കുട്ടികളെ പരിശോധിച്ചു രോഗ നിർണ്ണയം നടത്തി തുടർ പരിചരണം ഉറപ്പാക്കുക, ആവശ്യമെങ്കിൽ ഉയർന്ന ചികിത്സാ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുക, പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ കുട്ടിയുടെ ID യ്ക്കു അനുസൃതമായി ഇ-ഹെൽത്തിൽ രേഖപ്പെടുത്തി കുട്ടിയുടെ ആരോഗ്യ സ്ഥിതി രക്ഷിതാക്കളെ ജെ.പി.എച്ച്.എൻ മുഖാന്തിരം യഥാസമയം അറിയിക്കുക, ഇതിൽ പൊതുജനാരോഗ്യ പ്രാധാന്യമുള്ള കാര്യങ്ങൾ ഉണ്ടെങ്കിൽ സ്കൂളിൽ അറിയിക്കുകയും സ്കൂൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുക .

B. പ്രതിമാസ അവലോകന യോഗത്തിൽ ഫീൽഡ് തല പ്രവർത്തകരുടെ സംശയങ്ങൾ ദുരീകരിക്കുക, റഫറൽ വിവരങ്ങളും സ്ക്രീനിംഗ് പുരോഗതിയും അറിയുന്നതിനായി സ്കൂളുകൾ സന്ദർശിക്കുക, ആരോഗ്യ അസംബ്ലികളിൽ പങ്കെടുത്ത് അധ്യാപകരെയും വിദ്യാർഥികളെയും അധ്യാപക രക്ഷാകർത്തൃ സമിതിയെയും അഭിസംബോധന ചെയ്യുക, കുട്ടിയെ റഫർ ചെയ്യുന്ന ഉയർന്ന റഫറൽ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫിസർമാരുമായി ബന്ധപ്പെട്ട് ചികിത്സയിലെ പുരോഗതി വിലയിരുത്തുക, സ്കൂൾ ഹെൽത്ത് പദ്ധതിയിലൂടെ നടത്തുന്ന പരിശോധനാ വിവരങ്ങൾ സംയോജിപ്പിച്ച് ബ്ലോക്ക് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് കൈമാറുക.

C. അതാത് പ്രദേശത്തെ കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി അടിസ്ഥാന സൗകര്യങ്ങളും പ്രാഥമിക സജ്ജീകരണങ്ങളും കുടുംബാരോഗ്യകേന്ദ്രം

പ്രാഥമിക ആരോഗ്യ കേന്ദ്രം സാമൂഹ്യ ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമല്ല എങ്കിൽ ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുക

D. **കിടപ്പു രോഗികളായ കുട്ടികൾക്കും പഠന വൈകല്യമുള്ള കുട്ടികൾക്കും ഉള്ള പ്രത്യേക പരിചരണ പദ്ധതി**— സംസ്ഥാന സർക്കാർ കിടപ്പ് രോഗികളായ കുട്ടികൾക്ക് വേണ്ടി പാലിയേറ്റീവ് പദ്ധതിയിൽ പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം കുട്ടികളെ അതാത് പഞ്ചായത്ത് പാലിയേറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തി പരിചരണം നൽകാവുന്നതാണ്

E. ' SPACE' പദ്ധതി പ്രകാരം 3000 ത്തോളം കുട്ടികൾ കിടപ്പുരോഗികളും 125000 കുട്ടികൾ പഠനം വൈകല്യവും (Learning Disability) ഉള്ളവരുമാണ്. ഇവരെ കൂടി സ്കൂൾ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. (ഇവരുടെ പൂർണ്ണ വിവരങ്ങൾ എസ്.എസ് കെ-യിൽ ലഭ്യമാണ്.)

**ബ്ലോക്ക് തല സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ മെഡിക്കൽ ഓഫീസർമാരുടെ ഉത്തരവാദിത്തം.**

A. കുടുംബാരോഗ്യ കേന്ദ്രങ്ങൾ / പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിച്ച് സംയോജിപ്പിക്കുക.

B. പ്രതിമാസ യോഗം ചേർന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങൾ / പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ പങ്കെടുപ്പിച്ചു പദ്ധതിയുടെ അവലോകനം നടത്തുക .

C. പദ്ധതി വിവരങ്ങൾ DEO, AEO എന്നിവരുമായി പങ്കുവെച്ച് വിലയിരുത്തേണ്ടതാണ്.

**ആയുഷ് വകുപ്പ് സ്ഥാപനങ്ങൾ ചെയ്യേണ്ടത്**

**A.** സ്കൂൾ ആരോഗ്യ പദ്ധതിയുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുക.

**B.** ആയുഷ് മെഡിക്കൽ ഓഫീസർ തയ്യാറാക്കുന്ന പട്ടിക അനുസരിച്ച് ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളിലെ യോഗ പരിശീലകർ സ്കൂളുകളിൽ യോഗ പരിശീലനം ആവശ്യമെങ്കിൽ നടത്തുക.

**C.** ആയുഷ് മിഷന് കീഴിലുള്ള ആയുർ വിദ്യാ മെഡിക്കൽ ടീമുകൾ **FHC** / **CHC** ടീമുമായി ചേർന്ന് ബന്ധപ്പെട്ട സ്കൂളുകളിൽ അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കാതെ ആരോഗ്യ പരിശോധന നടത്തേണ്ടതാണ്. **FHC** ടീമുമായി ചേർന്ന് സമയം നിശ്ചയിക്കുന്നതാണ്.

D. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡുമായി സഹകരിച്ച് സ്കൂളുകളിൽ ഔഷധസസ്യ തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ആയുഷ് വകുപ്പ് ലഭ്യമാക്കേണ്ടതാണ്.

**വനിതാ ശിശു വികസന വകുപ്പിന്റെ ചുമതല.**

**A.** സ്കൂളിൽ നിയമിതരായ കൗൺസിലർമാരുടെ സേവനം പ്രാഥമിക തലത്തിൽ മാനസിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ലഭ്യമാക്കുക.

**B.** മേല്പറഞ്ഞ കൗൺസിലർമാരെ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ പരിശീലനത്തിൽ പങ്കെടുപ്പിക്കുക.

**C.** സ്കൂളിൽ സേവനം നടത്തുന്നതിന് പുറമേ ഔട്ട് റീച്ച് മാതൃകയിൽ മാനസിക വൈകാരിക വെല്ലുവിളി നേരിടുന്ന / നേരിടാൻ സാധ്യതഉള്ള കുട്ടികളെ കണ്ടെത്തി കുടുംബ കൗൺസിലിംഗ് നടത്തുവാൻ വേണ്ട നിർ ദേശങ്ങൾ നൽകുക.

D. സ്കൂൾ കൗൺസിലർ, കൗമാര സൗഹൃദ കേന്ദ്രത്തിലെ കൗൺസിലർ എന്നിവർ തമ്മിൽ ഉള്ള റഫറൽ സുഗമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുക

E. പാരന്റിംഗ് ക്ലിനിക്കുകളുടെ സേവനം ആവശ്യമായ രക്ഷാകർത്താക്കൾക്ക് ആയത് ലഭ്യമാക്കുക. ഡി.സി.പി.ഒ വനിതാ-ശിശു വികസന വകുപ്പിലെ കോൺടാക്ട് പോയിന്റ് ആയിരിക്കണം.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല**

A. സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ പിന്തുണ നൽകുക .

B. ഫലപ്രദമായ രീതിയിൽ സമൂഹത്തിൽ ഹെൽത്ത് ആൻഡ് വെൽനെസുമായി ബന്ധപ്പെട്ട ആസൂത്രണത്തിലും പ്രവർത്തനങ്ങളിലും പങ്കാളികളാകുക.

C. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം.

## സ്കൂളിലെ പ്രവർത്തനങ്ങൾ

**പ്രതിവാര പ്രവർത്തനങ്ങൾ**

- അയൺഫോളിക് ആസിഡ് സപ്ലിമെന്റേഷൻ പരിപാടി(WIFS)

**പ്രതിമാസ പ്രവർത്തനങ്ങൾ**

- കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സഹായത്തോടെ ആരോഗ്യ അസംബ്ലികൾ നടത്തുക.

സ്കൂൾ ആരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മോഡ്യൂളുകൾ വിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.റ്റിയുമായി കൂടിയാലോചിച്ച് പുസ്തമാക്കി തയ്യാറാക്കുക.

**മൂന്ന് മാസത്തിൽ ഒരിക്കൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

- പദ്ധതിയുമായി ബന്ധപ്പെട്ട് അധ്യാപകർക്കും ആരോഗ്യ പ്രവർത്തകർക്കുമായി പ്രത്യേക യോഗങ്ങൾ വിളിച്ച് ചേർക്കുക.
- പരിപാടിയുടെ പുരോഗതിയും നിലവാരവും വിലയിരുത്തി റിപ്പോർട്ടുകൾ ആരോഗ്യ വകുപ്പ് തയ്യാറാക്കുക.
- എട്ടാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ അറിവുകൾ നൽകുക.

**പ്രഥമ ശുശ്രൂഷ :**

▪ അടിയന്തര സാഹചര്യങ്ങളിൽ ആത്മവിശ്വാസത്തോടുകൂടിയും ദ്രുതഗതിയിലും പ്രതികരിക്കുന്നതിനായി അധ്യാപകർക്കും വിദ്യാർഥികൾക്കും CPR അടക്കമുള്ള പ്രഥമ ശുശ്രൂഷ (പ്രായാനുസൃതമായി മാത്രം) നൈപുണ്യ പരിശീലനം നൽകുക.

▪ എല്ലാ സ്കൂളിലും ഫസ്റ്റ് എയ്ഡ് ബോക്സ് സൂക്ഷിക്കുക.

▪ ആംബുലൻസ്, അഗ്നിരക്ഷാപ്രവർത്തകർ, പോലീസ്, തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രം, കൂടാതെ **ദിശ ഹെൽപ്പ് ലൈൻ നമ്പറുകൾ (104, 1056, 0471-2552056, 0471-2551056), ഇ-സഞ്ജീവനി** തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട സംവിധാനങ്ങളെപ്പറ്റിയും സേവനങ്ങളെപ്പറ്റിയും അധ്യാപകർക്കും വിദ്യാർഥികൾക്കും വേണ്ട അറിവ് നൽകുക. ഇത്തരം വിവരങ്ങൾ ഹെൽത്ത് കോർണറുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

▪ അടിയന്തര ഘട്ടങ്ങൾ നേരിടുന്നതിനായി അദ്ധ്യാപകരെയും വിദ്യാർഥികളെയും പരിശീലിപ്പിക്കുന്നതിനായി ദുരന്തനിവാരണ സംഘത്തെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

▪ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹായവും പരിശീലനത്തിൽ തേടാവുന്നതാണ്.

## ഏകോപനം

- **സംസ്ഥാനതല ഏകോപന സമിതി**

• ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ് സെക്രട്ടറിമാരുടെ സംയുക്ത അധ്യക്ഷതയിൽ, ആരോഗ്യ കേരളം സംസ്ഥാന മിഷൻ ഡയറക്ടർ കൺവീനറായി ഒരു സംസ്ഥാനതല ഏകോപന സമിതി രൂപീകരിക്കേണ്ടതാണ്.

• വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് ഹൈ ലെവൽ കമ്മിറ്റി രൂപീകരിക്കുക.

• മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ്, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പട്ടികജാതി പട്ടിക വർഗവികസന വകുപ്പ്, കായിക യുവജനക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർമാർ, **SMD-NAM** എന്നിവർ ഉൾപ്പെട്ട ഒരു സമിതി പദ്ധതിയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുക, സംസ്ഥാന തലത്തിൽ പ്രശ്ന പരിഹാരം കാണുക, ഫലപ്രദമായ രീതിയിൽ പരിപാടി നടത്തുന്നതിനു വേണ്ട മാർഗ ഉപദേശങ്ങൾ നൽകുക, എന്നിവയാണ് സമിതിയുടെ ചുമതലകൾ.

- **സംസ്ഥാനതല സാങ്കേതിക സമിതി**

• ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സംസ്ഥാനതല സാങ്കേതിക സമിതിയും രൂപീകരിക്കുക.

- **ജില്ലാതലഏകോപനസമിതി**

• ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആണ് ജില്ലാതല ഏകോപന സമിതിയുടെ അധ്യക്ഷൻ. ജില്ലാകളക്ടർ ആയിരിക്കും ഇതിന്റെ സഹ-അധ്യക്ഷൻ. ജില്ലാ

മെഡിക്കൽ ഓഫീസർ, ജില്ലാ ആർ.സി.എച്ച് ഓഫീസർ, ഡി.ഡി.ഇ, ആർ.ഡി.ഡി, ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (DIET) പ്രിൻസിപ്പാൾ, ജില്ലാ പ്രോഗ്രാം ഓഫീസർ-(ഐ.സി.ഡി.എസ്.), ആയുഷ് / ഹോമിയോ/ ഭാരതീയ ചികിത്സാ വകുപ്പുകളുടെ ജില്ലാ മെഡിക്കൽ ഓഫീസർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ, ദേശീയ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർ സമിതിയിലെ അംഗങ്ങളായിരിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആയിരിക്കും സമിതിയുടെ കൺവീനർ.

- പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ, വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കൽ, ജില്ലാ തലത്തിൽ പ്രശ്ന പരിഹാരം, ഫലപ്രദമായരീതിയിൽ പരിപാടി നടത്തുന്നതിനായി വേണ്ട മാർഗനിർദേശം നൽകുക എന്നിവയാണ് സമിതിയുടെ ചുമതലകൾ.

- **വിദ്യാലയതല ഏകോപന സമിതി—**

  "അക്ഷരം ആരോഗ്യം" എന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ സ്കൂൾ തല നടത്തിപ്പിന്റെ മേൽനോട്ട ചുമതല അതതു സ്കൂളുകളിലെ ' Anti Narcotics' ക്ലബിനാണ്. കൂടാതെ അതിന്റെ ചെയർമാൻ പ്രധാന അദ്ധ്യാപകൻ / പ്രിൻസിപ്പാൾ ആയിരിക്കും. ഏകോപന സമിതിയുടെ ചെയർമാനായി പ്രധാന അദ്ധ്യാപകനും കോ-ചെയർമാനായി പ്രിൻസിപ്പാളും, അംഗങ്ങളായി മെന്റർമാർ, മെഡിക്കൽ ഓഫീസർമാർ, പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ, മുൻസിപ്പാലിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർമാർ എന്നിവരുമായിരിക്കും.

............................